ഡെപ്യൂട്ടി ഡയറക്ടർ (എംപ്ലോയ്മെന്റ്), ഡെപ്യൂട്ടി ഡയറക്ടകർ (ക്യൂ.ഐ.പി) എന്നിവർ അടങ്ങുന്ന ഒരു സൂപ്പർ സ്കാഡ് പരീക്ഷാ സംബന്ധമായ ക്രമക്കേടുകൾ കണ്ടുപിടിക്കുവാൻവേണ്ടി രൂപീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ&എഫ്) കഴിഞ്ഞ കാലങ്ങളിലെ പരീക്ഷാ ക്രമക്കേടുകൾ കണ്ടുപിടിക്കാനുള്ള സ്കാഡുകളുടെ പ്രവർത്തനം അത്ര ഫലപ്രദമല്ലെന്ന് കണ്ടതിനാലാണ് ഇപ്രാവശ്യവും ജില്ലാ കളക്ടറെക്കൂടി ഉൾപ്പെടുത്തി ജില്ലാതല എക്സാമിനേഷൻ കമ്മിറ്റി പുനഃസംഘടിപ്പിച്ചിട്ടുള്ളത്. ഈ കമ്മിറ്റിയിൽ ജില്ലാകളക്ടർ ചെയർമാനും ഡി.ഡി.ഇ. കൺവീനറും ഡി.ഇ.ഒ മാർ എ.ഇ.ഒ മാർ എന്നിവർ അംഗങ്ങളുമാണ്. ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും ക്രമസമാധാന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുമുള്ള ചുമതല ഇവരിൽ നിക്ഷിപ്തമാണ്.

22 (462) എസ്.എസ്.എൽ.സി ക്ക് കോപ്പിയടി തടയാനുള്ള നടപടി

ശ്രീ. ഇ.എം. അഗസ്തി :

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷയിൽ കോപ്പിയടി തടയുവാൻ റവന്യൂ ഉദ്യോഗസ്ഥരെ നിയമിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) അദ്ധ്യാപകരെ ലഭിക്കാത്തതുകൊണ്ടാണോ ഇത്തരത്തിൽ തീരുമാനമെടുത്തത്;

(സി) അദ്ധ്യാപകരുടെ മനോവീര്യം നശിപ്പിക്കുന്ന ഈ നടപടി പിൻവലിക്കുമോ?

ഉത്തരം

(എ) മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ഈ വർഷം കോപ്പിയടി കർശനമായി നിയന്ത്രിക്കുവാൻ ജില്ലാ അടിസ്ഥാനത്തിൽ ജില്ലാകളക്ടർ ചെയർമാനായും, ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ കൺവീനർമാരായും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ മെമ്പർമാരായും ഒരു ജില്ലാതല എക്സാമിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയ്ക്കായിരിക്കും ഇനിമേൽ സ്കൂളുകളിലെ ക്രമക്കേടുകൾ കണ്ടുപിടിക്കാനും തടയാനുമുള്ള ചുമതല.

(ബി) അദ്ധ്യാപകരെ സാധാരണയായി എല്ലാ വർഷവും പരീക്ഷാ ഡ്യൂട്ടിക്ക് ചീഫ് സൂപ്രണ്ടായും ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടായും ഇൻവിജിലേറ്റേഴ്സായുമാണ് നിയമിക്കാറുള്ളത്. മേൽപ്പറഞ്ഞ ഡ്യൂട്ടികൾക്കുവേണ്ടി മിക്കവാറും എല്ലാ അദ്ധ്യാപകരുടെയും സേവനം ആവശ്യമായതുകൊണ്ടാണ് അവരെ കോപ്പിയടി പിടിക്കുവാനുള്ള സ്കാഡിൽ നിയമിക്കാത്തത്.

(സി) വിദ്യാഭ്യാസ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലാണ് ജില്ലാ കളക്ടർമാരെ ചെയർമാൻമാരായി നിയമിച്ചുകൊണ്ടുള്ള ജില്ലാതല സ്കാഡ് രൂപീകരിച്ചത്. ജില്ലാ കളക്ടറെ ചെയർമാനായി നിയമിച്ചു എന്നതൊഴിച്ചാൽ ജില്ലാതല സ്കാഡിൽ മുൻകൊല്ലങ്ങളിലുണ്ടായിരുന്ന അംഗ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ തന്നെയാണ് ഇപ്പോഴും ഉള്ളത്. ഇക്കാര്യത്തിൽ അദ്ധ്യാപകരുടെ മനോവീര്യം കെടുത്തുന്ന യാതൊരു നടപടിയും ഉണ്ടായിട്ടില്ല.

23 (464) പാഠപുസ്തകങ്ങളുടെ അച്ചടി

<u>ശ്രീ. ടി.എം. ജേക്കബ്</u> :
<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള</u> :
<u>ശ്രീ. ജോണി നെല്ലൂർ</u> :
<u>ശ്രീമതി കെ.ആർ. ഗൗരിയമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് 1999-2000 അദ്ധ്യയന വർഷത്തിൽ എത്ര ലക്ഷം പുസ്തകങ്ങൾ അച്ചടിച്ചിട്ടുണ്ട്;

(ബി) സർക്കാർ ഉടമസ്ഥതയിലുള്ള പ്രസ്സുകൾ എത്ര ലക്ഷം കോപ്പികളാണ് അച്ചടിച്ചത്;

(സി) സ്വകാര്യ പ്രസ്സുകളെ പാഠപുസ്തകങ്ങളുടെ അച്ചടി ഏൽപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ 1999-2000 വർഷത്തിൽ ഏതെല്ലാം പ്രസ്സുകൾ എത്ര ലക്ഷം കോപ്പികൾവീതം അച്ചടിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) സ്വകാര്യ പ്രസ്സുകളെ അച്ചടി ഏൽപ്പിക്കാനുള്ള കാരണം എന്താണ്;

(ഇ) കെ.ബി.പി.എസ്. ൽ അച്ചടിച്ച 1999-2000 വർഷത്തേയ്ക്കുള്ള പുസ്തകങ്ങൾ 1.12.1999 വരെ പൂർണ്ണമായി വിദ്യാഭ്യാസ വകുപ്പ് വിതരണത്തിനായി കൊണ്ടുപോയിട്ടില്ലായെന്ന് വിവിധ സംഘടനകളുടെ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഈ ആക്ഷേപം ശരിയാണോ;

(എഫ്) നടപ്പ് അദ്ധ്യയന വർഷങ്ങളിൽ എല്ലാ ക്ലാസ്സുകളിലേയ്ക്കും ആവശ്യമുള്ള മുഴുവൻ പാഠപുസ്തകങ്ങളും കൃത്യസമയത്തുതന്നെ വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്?

<u>ഉത്തരം</u>

(എ) 1999-2000 അദ്ധ്യയന വർഷത്തേയ്ക്ക് 3,12,60,000 പാഠപുസ്തകങ്ങൾ സർക്കാർ ഉടമസ്ഥതയിലുള്ള പ്രസ്സുകൾ അച്ചടിച്ചിട്ടുണ്ട്.

(ബി) 1,99,90,000 പാഠപുസ്തകങ്ങൾ സർക്കാർ ഉടമയിലുള്ള പ്രസ്സുകളിൽ അച്ചടിച്ചിട്ടുണ്ട്.

(സി) സ്വകാര്യ പ്രസ്സുകളെ പാഠപുസ്തക അച്ചടി ഏൽപ്പിച്ചിട്ടുണ്ട്. 1999-2000 അദ്ധ്യയന വർഷത്തിൽ താഴെപ്പറയുന്ന പ്രകാരം ഏഴ് സ്വകാര്യ പ്രസ്സുകളിലായി പാഠപുസ്തകങ്ങൾ അച്ചടിച്ചിട്ടുണ്ട്.

1.	വിക്ടറി പ്രസ്സ്, കുന്നംകുളം	- 12,25,000 കോപ്പി
2.	പി.പി. ജോർജ്ജ് പ്രസ്സ്, അങ്കമാലി	- 12,15,000 കോപ്പി
3.	വിദ്യാരംഭം പ്രസ്സ്, ആലപ്പുഴ	- 9,90,000 കോപ്പി
4.	കോട്ടയം പ്രിന്റിംഗ് സൊസൈറ്റി, ശിവകാശി	- 23,35,000 കോപ്പി
5.	രേവൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ശിവകാശി	- 11,50,000 കോപ്പി
6.	കോറണേഷൻ ആർട്സ് പ്രസ്സ്, ശിവകാശി	- 23,15,000 കോപ്പി

1116/2010.

LIBRARY ARCHIVES Kerala Legislative Assembly